## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3528

11.12.2018 - ൽ
മറുപടിയ്ക്ക്

### കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എത്ര കോടി രൂപയാണ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | എ) 2018-19 സാമ്പത്തിക വർഷത്തെ വാർഷിക സംസ്ഥാന പ്ലാനിൽ ഉൾപ്പെടുത്തി കേരള കാർഷിക സർവകലാശാലയ്ക്ക് 80.85 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ പ്രളയബാധയെ തുടർന്ന് ഉണ്ടായ ധനപ്രതിസന്ധിയെ തുടർന്ന് മൊത്തം ബഡ്ജറ്റിന്റെ 20% കുറവ് വരുത്താൻ തീരുമാനിച്ചു. ശേഷിക്കുന്നതിൽ 15/- കോടി രൂപ അനുവദിക്കുകയും ബാക്കി തുക അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വരുന്നു. |
| ബി) പ്രസ്തുത തുകയുടെ 25 ശതമാനം പോലും ചെലവഴിക്കാൻ സാധിക്കാത്തത് എന്തു കൊണ്ടാണ്; | ബി) പ്രളയാനന്തരം സാമ്പത്തിക വിഭവ ലഭ്യതയിൽ കുറവ് വന്നത് തുക ചെലവഴിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായി. |
| സി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത യൂണിവേഴ്സിറ്റി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ? | സി) കാർഷിക സർവ്വകലാശാലയുടെ ഗവേഷണ വിഭാഗം മേധാവിയുടെ നേതൃത്വത്തിൽ സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിലെ വിദഗ്ധ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ പ്രളയ ബാധിത ജില്ലകൾ സന്ദർശിക്കുന്നതിന് കമ്മിറ്റികൾ രൂപീകരിക്കുകയുണ്ടായി. കൃഷി വകുപ്പ്, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുമായി ചേർന്ന് ഈ പ്രദേശങ്ങളിൽ പ്രാഥമിക പഠനം നടത്തി അവിടെ നടപ്പിലാക്കേണ്ട ശാസ്ത്രീയ ഇടപെടലുകളെ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കൃഷി വകുപ്പുമായി സഹകരിച്ചുകൊണ്ട് ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സർവ്വകലാശാല ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

31/08/2018 ന് തന്നെ സർവ്വകലാശാല പ്രളയാനന്തരം കൃഷിയിടങ്ങളിൽ അനുവർത്തിക്കേണ്ട പരിപാലനമുറകൾ അടങ്ങിയ വിശദമായ ലഘുലേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഈ പ്രാഥമിക പൊതു നിർദ്ദേശങ്ങൾ വിവിധ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയും, ഫാം ഇൻഫേർമേഷൻ ബ്യൂറോയിലൂടെയും സംസ്ഥാനം മുഴുവൻ എത്തിക്കാനായി. ഇതോടൊപ്പം തന്നെ ആകാശവാണിയുടെ തൃശ്ശൂർ നിലയം വഴി വിദഗ്ധ ശാസ്ത്രജ്ഞരുടെ അഭിമുഖം, ചർച്ച എന്നിവ പ്രക്ഷേപണം ചെയ്യുകയുണ്ടായി. ഈ നിർദ്ദേശങ്ങൾ പ്രധാനമായും പ്രളയാനന്തരം അടിയന്തിരമായി അനുവർത്തിക്കേണ്ട മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളും പ്രധാന വിള സംരക്ഷണവും കേന്ദ്രീകരിച്ചുകൊ ണ്ടുള്ളതായിരുന്നു.

പ്രളയാനന്തരം കൃഷിയിടങ്ങളിൽ വീണ്ടും കൃഷി ഒരുക്കുന്നതിന് സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ ഉടൻ ലഭ്യമായ വിത്തുകളെയും നടീൽ വസ്തുക്കളുടെയും വിശദമായ ഒരു റിപ്പോർട്ട് കൃഷി ഡയറക്ടർക്ക് നൽകി കഴിഞ്ഞിട്ടുണ്ട്. കൂടാതെ വരും മാസങ്ങളിൽ തുടർന്ന് നൽകാൻ സാധിക്കുന്ന വിത്തുകൾ, നടീൽവസ്തുക്കൾ, പച്ചക്കറി തൈകൾ എന്നിവയുടെ വിശദമായ കണക്ക് സമർപ്പിക്കുകയുണ്ടായി. ഇതിനു പുറമെ, വിത്ത്, നടീൽ വസ്തുക്കൾ, ജൈവ ഉല്പ്പാദന ഉപാധികൾ എന്നിവയുടെ ഉത്പ്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സർവ്വകലാശാല ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കർഷകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികളും സർവ്വകലാശാലയുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുണ്ട്. ഇടുക്കി, കോട്ടയം ജില്ലകളിലെ സുഗന്ധവിള കർഷകരെ സർവ്വകലാശാല യുടെ ഗവേഷണ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയും തദവസരത്തിൽ കുരുമുളകിന്റെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളും ജൈവോപാധികളും കർഷകർക്ക് വിതരണം ചെയ്യുകയുമുണ്ടായി.

മണ്ണിന്റെ ചൂട് കൂടുന്നുവെന്നും അത് മൂലം മണ്ണിരകൾ ചത്തുകൊണ്ടിരിക്കുകയാണെന്നുമുള്ള വാർത്തകളുടെ പശ്ചാത്തലത്തിൽ സർവ്വകലാശാല സംഘം വയനാട്, ഇടുക്കി ജില്ലകൾ സന്ദർശിക്കുകയും അതിന്റെ പ്രാഥമിക നിഗമനം വാർത്താ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുകയും ചെയ്തുകഴിഞ്ഞു. ഇതിൽ ആശങ്കപ്പെടാനില്ലെന്ന വിവരം ശാസ്ത്രീയ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ നൽകിക്കഴിഞ്ഞിട്ടുണ്ട്. പ്രളയാനന്തരം കേരളത്തിലെ കാർഷിക ഭൂമിയിലെ മണ്ണിനുണ്ടായ ഘടനാപരവും ഗുണപരവുമായ മാറ്റങ്ങൾ കൃത്യമായി വിശകലനം ചെയ്യുന്നതിന് പ്രളയബാധിത പ്രദേശങ്ങളിൽ നിന്നും മണ്ണു സാമ്പിളുകൾ ശേഖരിച്ചു പരിശോധിച്ച ശേഷം, മണ്ണ് പരിശോധനാ ഫലം ക്രോഡീകരിച്ചു വിശദമായ പരിപാലനമുറകൾ നിർദ്ദേശിച്ചിട്ടുണ്ട്. പ്രളയാനന്തര നഷ്ടം ശാസ്ത്രീയമായി തിട്ടപ്പെടുത്തുന്നതിനും പ്രദേശങ്ങൾ കൃത്യമായി അടയാളപ്പെടുത്തുന്നതിനും റിമോട്ട് സെൻസിംഗ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താനുള്ള സാധ്യതകളും പരിശോധിച്ചുവരുന്നു. ഇതോടനുബന്ധിച്ച് നവംബർ 19 ാം തിയ്യതി ഈ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ശില്പശാല സർവ്വകലാശാല സംഘടിപ്പിക്കുകയുണ്ട ായി.

പ്രളയം മൂലം നെൽകൃഷിയിൽ ഉണ്ടായ ഉത്പ്പാദനത്തകർച്ച കുറച്ചുകൊണ്ട് വരുന്നതിനായി തൃശ്ശൂർ ജില്ലയിലെ കോൾ പാടങ്ങളിൽ ഇരുപ്പുകൃഷി പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് യുദ്ധകാല അടിസ്ഥാന ത്തിൽ നടപടികൾ സർവ്വകലാശാലയുടെ നേതൃത്വത്തിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നുണ്ട്. ഏതാണ്ട് 10,000 ഏക്കറിൽ ഇരുപ്പുകൃഷി ചെയ്യാനുള്ള പദ്ധതിയ്ക്ക് സർവ്വകലാശാല സാങ്കേതികമായ പൂർണ്ണ പങ്കാളിത്തം ഏറ്റെടുത്തിട്ടുണ്ട്.

കുട്ടനാട് നെൽകൃഷി മേഖലയിൽ കൃഷി ആരംഭിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും, സാങ്കേതിക ഉപദേശങ്ങൾ നല്കുന്നതിലും സർവ്വകലാശാലയുടെ ശാസ്ത്രജ്ഞർ സജീവ പങ്കാളിത്തം വഹിക്കുന്നുണ്ട്. കുട്ടനാട് പാക്കേജ് പദ്ധതി തയ്യാറാക്കുന്നതിനും സർവ്വകലാശാല പങ്കെടുക്കുന്നുണ്ട്.

കാർഷിക സർവ്വകലാശാലയുടെ മണ്ണുത്തിയിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ 24X7 സമയവും പ്രവർത്തിക്കുന്ന ഒരു ഹെൽപ്പ് ഡെസ്ക് സജ്ജമാക്കിയിട്ടുണ്ട്. ഇതുപോലെയുള്ള ഹെൽപ്പ് ഡെസ്കുകൾ എല്ലാ പ്രാദേശിക ഗവേഷണ കേന്ദ്രങ്ങളിലും സർവ്വകലാശാലയുടെ കീഴിലുള്ള കൃഷി വിജ്ഞാന കേന്ദ്രങ്ങളിലും ആരംഭിച്ചിട്ടുണ്ട്.

കാർഷിക രംഗത്ത് പ്രളയം മൂലമുണ്ടായ ആഘാതങ്ങൾ പഠിക്കുന്നതിനും, അതിജീവന പ്രതിരോധ മാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുമുള്ള ഗവേഷണ പദ്ധതികൾ 2019-20 വാർഷിക പദ്ധതിയിൽ സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ